പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3380 — 09/04/2013 ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ എന്നു മുതലാണ് കമ്പ്യൂട്ടർവത്ക്കരണം ആരംഭിച്ചത്; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം കേന്ദ്രാവിഷ്കൃത പദ്ധതികളായ SRA & ULR, CLR & NLRMP (100% CSS & 50% CSS) എന്നീ പദ്ധതികൾ മുഖേന 1988-89 മുതൽ നടപ്പിലാക്കിവരുന്നു. |
| (ബി) കമ്പ്യൂട്ടർവത്ക്കരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; | (ബി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്ക്കരണം നിലവിൽ പ്രധാനമായും രണ്ട് പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (NLRMP) പ്രകാരം 'റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (ReLIS), കേരള' എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ച് വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർ വത്ക്കരണം നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ ആലത്തൂർ , വടക്കാഞ്ചേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ പരിധിയിൽ വരുന്നതും റീ സർവ്വേ കഴിഞ്ഞതുമായ 17 വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ പോക്കുവരവ് ഇപ്പോൾ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയായ 556 വില്ലേജുകളിലേക്കു കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കേന്ദ്രസർക്കാരിന്റെ നാഷണൽ |

ഇ-ഗവേർണൻസ് പ്ലാൻ (NeGP) പദ്ധതിയിൻ കീഴിൽ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷനും, ലാന്റ് റവന്യൂ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി, വില്ലേജുകളിൽ നിന്നും നൽകി വരുന്ന 23 ഇനം സർട്ടിഫിക്കറ്റുകളുടെ വിതരണം കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ നൽകുകയും വില്ലേജ് ഓഫീസുകളിൽ ഇന്റർനെറ്റ് കണക്ഷൻ (VPN Connection) ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ആയതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കാൻ സാധിക്കും.

(സ 1) കമ്പ്യൂട്ടർവത്ക്കരണത്തിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

(സ 1) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/ പേഴ്സണൽ കമ്പ്യൂട്ടറുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. കമ്പ്യൂട്ടർ വത്ക്കരണവുമായി ബന്ധപ്പെട്ട് കൂടുതൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വില്ലേജ് ഓഫീസുകൾ എല്ലാ അർത്ഥത്തിലും പൂർണ്ണമായും കമ്പ്യൂട്ടർ വത്ക്കരിക്കുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ